**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 472** **09-08-2023 - ൽ മറുപടിയ്ക്ക്**

**മലപ്പുറം സർക്കാർ വനിതാ ആർട്സ് ആന്റ് സയൻസ് കോളേജ് - കെട്ടിട നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. ഉബൈദുള്ള | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | മലപ്പുറം സർക്കാർ വനിതാ ആർട്സ് ആന്റ് സയൻസ് കോളേജിലെ അക്കാഡമിക് ബ്ലോക്കിന്റേയും കാന്റീൻ ബ്ലോക്കിന്റേയും നിർമ്മാണ പ്രവൃത്തിക്കാവശ്യമായ ജി.ആർ.ഐ.എച്ച്.എ (ഗ്രീൻ റേറ്റിംഗ് ഫോർ ഹാബിറ്റാറ്റ് അസ്സെസ്സ്മെന്റ് ) ത്രീ സ്റ്റാർ സ്റ്റാൻഡേർഡ്സ്, ഡി.എസ്.ആർ(ഡാമേജ് സർവ്വേ റിപ്പോർട്ട് ) 2018 എന്നിവ പ്രകാരം നിലവിലുള്ള ജി.എസ്.ടി ഉൾപ്പെടുത്തിക്കൊണ്ട് കിറ്റ്കോ(കേരള ഇൻഡസ്ട്രിയൽ ആൻഡ് ടെക്നിക്കൽ കൺസൽട്ടൻസി ഓർഗനൈസേഷൻ) സമർപ്പിച്ചിട്ടുള്ള പുതുക്കിയ പദ്ധതി റിപ്പോർട്ടിനും പ്രൊപ്പോസലിനും കിഫ്ബി അംഗീകാരം നൽകിയിട്ടുണ്ടോ; വിശദമാക്കാമോ; | (എ) | 2017-18-ലെ ബജറ്റ് പ്രസംഗമനുസരിച്ച് സർക്കാർ പുറപ്പെടുവിച്ച ഭരണാനുമതി ഉത്തരവുകളുടെ അടിസ്ഥാനത്തിൽ, മലപ്പുറം ഡൌൺഹിൽ സർക്കാർ വനിതാ ആർട്സ് ആൻഡ് സയൻസ് കോളേജിന്റെ വികസനത്തിനായി പദ്ധതി നിർവ്വഹണ ഏജൻസിയായ കിറ്റ് കോ സമർപ്പിച്ച വിശദമായ പദ്ധതി രേഖ കിഫ്ബിയിൽ പരിശോധിക്കുകയും 04-11-2020-ലെ HED007-38/PE-4-PAD/2020/KIIFB നമ്പർ ഉത്തരവു പ്രകാരം 13,85,57,303/- രൂപയുടെ ധനാനുമതി നൽകുകയും ചെയ്തു. ജി.എസ്.റ്റി, ഡി.എസ്.ആർ നിരക്കുകളിൽ ഉണ്ടായ വ്യത്യാസമനുസരിച്ചും GRIHA ചട്ടങ്ങൾക്കനുസൃതമായും കിറ്റ് കോ സമർപ്പിച്ച പുതുക്കിയ ഡി.പി.ആർ കിഫ്ബി പരിശോധിച്ച ശേഷം 25-02-2023-ൽ കൂടിയ എക്സിക്യൂട്ടീവ് കമ്മിറ്റിയുടെ അംഗീകാരം ലഭ്യമാക്കി 27-03-2023-ൽ 18,61,04,435/- രൂപയുടെ പുതുക്കിയ ധനാനുമതി ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്തിട്ടുണ്ട്. |
| (ബി) | കിഫ്ബി ധനാനുമതി നൽകിയ തുക എത്രയാണ്; പദ്ധതിക്ക് സർക്കാർ/എസ്.പി.വി (സ്പെഷ്യൽ പർപ്പസ്/ പ്രോജെക്ട് വെഹിക്കിൾ) നിയോഗിച്ച ടെക്നിക്കൽ കമ്മിറ്റി സാങ്കേതികാനുമതി നൽകിയിട്ടുണ്ടോ; 2016-ൽ ആരംഭിച്ചതും വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്നതുമായ പ്രസ്തുത കോളേജിന് സ്വന്തമായൊരു കെട്ടിടം യാഥാർഥ്യമാക്കുന്നതിന് ഇനിയും തടസ്സങ്ങളുണ്ടോ; വിശദമാക്കാമോ; | (ബി) | 27-03-2023-ലെ പുതുക്കിയ ഉത്തരവ് പ്രകാരം ധനാനുമതി നൽകിയ തുക 18,61,04,435/- രൂപയാണ്. 03-08-2023-ൽ 15,69,59,072.29 രൂപയുടെ സാങ്കേതിക അനുമതി സർക്കാർ നിയോഗിച്ച ടെക്നിക്കൽ കമ്മിറ്റി നൽകിയിട്ടുള്ളതായി അറിയിച്ചിട്ടുണ്ട്. ഡൌൺഹിൽ വനിതാ ആർട്സ് ആൻഡ് സയൻസ് കോളേജിന് സ്വന്തമായൊരു കെട്ടിടം യാഥാർത്ഥ്യമാക്കുന്നതിന് നിലവിൽ തടസ്സങ്ങളൊന്നും ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (സി) | കിഫ്ബി ഫണ്ട് വിനിയോഗിക്കുവാനുള്ള സാങ്കേതിക തടസ്സങ്ങൾ എത്രയും വേഗം പരിഹരിക്കുവാനും കെട്ടിട നിർമ്മാണം ആരംഭിക്കുവാനും സത്വര നടപടികൾ സ്വീകരിക്കുമോ? | (സി) | കിഫ്ബി പുറപ്പെടുവിക്കുന്ന ധനാനുമതി ഉത്തരവിന്റെ അടിസ്ഥാനത്തിൽ, ടി തുക വിനിയോഗിച്ച് പ്രവൃത്തി ആരംഭിക്കുന്നതിനുള്ള തുടർനടപടികൾ സ്വീകരിക്കേണ്ടത് എസ്.പി.വി ആയ കിറ്റ്കോ ആണ്. ടി നടപടികൾ എസ്.പി.വി സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ